**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **23-02-2022 - ൽ മറുപടിയ്ക്ക്**

**എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന്റെ കെട്ടിടവാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക സംബന്ധിച്ച് ശ്രീ. ശ്രീധരൻ ബഹു. മന്ത്രിക്കു നൽകിയ പരാതിയിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ; | (എ) | കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിന്മേൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക 11/03/2012 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 11/03/2012 തീയതി മുതൽ 10/03/2015 തീയതി വരെ പുതുക്കിയ നിരക്കിലുള്ള (Rs. 8365/-) വാടക തുക കണക്കാക്കി, പഴയ റെന്റ് സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള നിരക്കിൽ ഉടമക്ക് അനുവദിച്ച് നൽകിയ തുക കഴിച്ച് ബാക്കി തുകയായ 76,077/ -രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | വാടക പുതുക്കുന്നതുമായി ബന്ധപ്പെട്ട് ഫിൻ.4/4773/2018 നമ്പർ ഫയലിലും, മിനിസ്റ്റർ.രജി.5502952/21 നമ്പർ ഫയലിലും നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | കെട്ടിട ഉടമ സമർപ്പിച്ച അപേക്ഷയിന്മേൽ എടച്ചേരി രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക 11/03/2012 തീയതി മുതൽ മുൻകാല പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ച നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 11/03/2012 തീയതി മുതൽ 10/03/2015 തീയതി വരെ പുതുക്കിയ നിരക്കിലുള്ള (Rs. 8365/-) വാടക തുക കണക്കാക്കി, പഴയ റെന്റ് സർട്ടിഫിക്കറ്റുകൾ പ്രകാരമുള്ള നിരക്കിൽ ഉടമക്ക് അനുവദിച്ച് നൽകിയ തുക കഴിച്ച് ബാക്കി തുകയായ 76,077/ -രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | ശ്രീ. ശ്രീധരൻ കുറുങ്ങോട്ട് എന്ന വ്യക്തിയുടെ കെട്ടിടത്തിന്റെ വാടക പുതുക്കി നിശ്ചയിക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തു വീഴ്ചയുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിന്റെ 20/12/2014-ലെ റെന്റ് സർട്ടിഫിക്കറ്റ് പ്രകാരം നിശ്ചയിച്ച് പ്രതിമാസ വാടകയായ 6269/- രൂപ, പഴയ നിരക്കായ 6441/- രൂപയെക്കാൾ കുറവായതിനാൽ വാടക കരാർ രജിസ്റ്റർ ചെയ്യാൻ കെട്ടിട ഉടമയായ ശ്രീ.ശ്രീധരൻ വിസമ്മതിച്ചുകൊണ്ട് റെന്റ് കൺട്രോൾ കോടതിയെ സമീപിച്ചിരുന്നതിനാലും, കെട്ടിട ഉടമ രജിസ്റ്റർ ചെയ്ത കേസിന്റെ വിധിതീർപ്പിന് കാലതാമസം ഉണ്ടായതിനാലുമാണ് വാടക പുതുക്കി നിശ്ചയിക്കുന്നതിന് കാലതാമസമുണ്ടായത്. ഈ |

| | | | |
|---|---|---|---|
| | | | വിഷയത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചകൾ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ